## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1300

02..03..2017 -ൽ മറുപടിയ്ക്ക്

### സ്വാശ്രയ കോളേജുകളിലെ നിയമ വിരുദ്ധ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. റോജി എം.ജോൺ | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്വാശ്രയ കോളേജുകളിൽ നടക്കുന്ന നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ, വിദ്യാർത്ഥികൾക്ക് മാനസ്സിക സമ്മർദ്ദം ഉണ്ടാക്കുകയും അവരെ ആത്മഹത്യയിലേക്ക് നയിക്കുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) സ്വാശ്രയ കോളേജുകളിൽ നടക്കുന്ന നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ, വിദ്യാർത്ഥികൾക്ക് മാനസ്സിക സമ്മർദ്ദം സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ പാമ്പാടി നെഹ്റു കോളേജിലെ വിദ്യാർത്ഥി ജിഷ്ണു പ്രണോയിയുടെ ആത്മഹത്യയുടെ പശ്ചാത്തലത്തിൽ സാങ്കേതിക സർവ്വകലാശാല വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |

(ബി) സ്വാശ്രയ കോളേജുകളെ നിയന്ത്രിക്കുന്നതിന് സമഗ്രമായ ഒരു നിയമം കൊണ്ടുവരേണ്ടതിന്റെ ആവശ്യകത സർക്കാരിന് ബോധ്യമായിട്ടുണ്ടോ; എങ്കിൽ നടപ്പു സമ്മേളനത്തിൽ അടിയന്തിര നിയമനിർമാണത്തിന് നടപടി സ്വീകരിയ്ക്കുമോ ?

(ബി) സ്വാശ്രയ രംഗത്ത് ശക്തമായി ഇടപെടാൻ സാധിക്കുന്ന വിധത്തിൽ സർക്കാർ കാലാകാലങ്ങളിൽ നിയമ നിർമ്മാണം നടത്തുകയും ആവശ്യമായ മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നുണ്ട്.. സർക്കാരിൽ നിന്നും, എ.ഐ.സി.റ്റി.ഇ., സർവ്വകലാശാലകൾ എന്നിവയിൽ നിന്നും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഇത്തരം മാർഗ്ഗ നിർദ്ദേശങ്ങൾക്കും, നിബന്ധനകൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ അഫിലിയേഷൻ റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുമുണ്ട്.

Reef

*സെക്ഷൻ ഓഫീസർ*